II ഉത്തരത്തിലെ തിരുത്ത്

3-8-2005-ന് മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത 3075-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ): സർ, പതിനൊന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 3-8-2005-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 3075-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്ന് കൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.†

III അടിയന്തിരപ്രമേയം

എസ്. എഫ്. ഐ.-യുടെ നേതൃത്വത്തിലുള്ള വിദ്യാർത്ഥി മാർച്ചിനുനേരെ നടന്ന ലാത്തിചാർജ്ജ്

മി. സ്പീക്കർ: സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംവരണം നൽകുന്നതിന് സംസ്ഥാന സർക്കാർ അടിയന്തിരമായി നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് ഇന്നലെ എസ്. എഫ്. ഐ.യുടെ നേതൃത്വത്തിൽ മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്കു നേരെ കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനു മുന്നിൽവെച്ച് പോലീസ് ലാത്തിചാർജ്ജ് നടത്തുകയും കണ്ണീർ വാതക ഷെല്ലുകൾ പ്രയോഗിക്കുകയും ചെയ്തതിനെ തുടർന്ന് ഉളവായിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. മത്തായി ചാക്കോ, ബിനോയ് വിശ്വം, സി. കെ. നാണു, എ. എ. അസീസ്, എ. സി. ഷണ്മുഖദാസ്, പി. സി. ജോർജ്ജ്, ഡോ. കെ. സി. ജോസഫ്, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 a.m.

മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേയ്ക്ക് എസ്. എഫ്. ഐ. ജില്ലാ പ്രസിഡണ്ട് ശ്രീ. ബൈജുവിന്റെ നേതൃത്വത്തിൽ 7-2-2006-ന് ഉദ്ദേശം 500 എസ്. എഫ്. ഐ. പ്രവർത്തകർ പ്രകടനമായി എത്തി ഗതാഗത തടസ്സമുണ്ടാക്കി റോഡിൽ കുത്തിയിരുന്ന് പോലീസിനും ഗവണ്മെന്റിനും എതിരായി മുദ്രാവാക്യം മുഴക്കി. പ്രകോപിതരായ കുറച്ച് പേർ പോലീസ് വലയം ഭേദിച്ച് ഓഫീസിനുള്ളിൽ കടക്കാൻ ശ്രമിച്ചു. അത് തടഞ്ഞ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ നെയിം പ്ലേറ്റ് വലിച്ചു പൊട്ടിച്ചു. തുടർന്ന് അക്രമാസക്തരായ പ്രകടനക്കാർ പോലീസിനുനേരെ ശക്തമായ കല്ലേറ് നടത്തി. കല്ലേറിൽ അഞ്ച് പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കുപറ്റി. അക്രമാസക്തരായ പ്രകടനക്കാരോട് പിരിഞ്ഞുപോകാൻ പോലീസ് ആവശ്യപ്പെട്ടിട്ടും കൂട്ടാക്കാത്തതിനെ തുടർന്ന് അവർക്കുനേരെ പോലീസുകാർ 2 കണ്ണീർവാതക ഷെല്ലുകൾ പ്രയോഗിച്ചു. എന്നിട്ടും പിരിഞ്ഞുപോകാത്തതിനാൽ പോലീസ് അവരെ വിരട്ടിയോടിച്ചു. ഇക്കാര്യത്തിൽ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ക്രൈം നമ്പർ 41 ആയി കസബ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും 11 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ നിന്നും ജാമ്യത്തിൽ വിട്ടയക്കുകയും ചെയ്തു. പ്രസ്തുത സംഭവത്തിൽ വിദ്യാർത്ഥികൾ ആരുംതന്നെ പരിക്കുപറ്റി ചികിത്സ നേടിയതായി ഇതുവരെ ഒരു ആശുപത്രിയിൽ നിന്നും വിവരം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് സ്വാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യേണ്ട ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ല.

ശ്രീ. മത്തായി ചാക്കോ: സർ, ഇന്നലെ എസ്. എഫ്. ഐ. സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനമനുസരിച്ച് കേരള നിയമസഭയുടെ മുമ്പിലേയ്ക്കും സംസ്ഥാനത്തെ 13 ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ (ഡി.ഡി.) ഓഫീസുകളുടെ മുമ്പിലേയ്ക്കും വിദ്യാർത്ഥികളുടെ മാർച്ച് ഉണ്ടായിരുന്നു. ഇവിടെ ചർച്ച ചെയ്തിട്ടുള്ള സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നത് സംബന്ധിച്ചും കേന്ദ്രത്തിലെ ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായ നിയമം കേരള നിയമസഭ പാസ്സാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എസ്. എഫ്. ഐ. മുൻകൂട്ടി പ്രഖ്യാപിച്ച് നടത്തിയിട്ടുള്ള ഒരു സമരമായിരുന്നു അത്. കോഴിക്കോട്ട് ഈ സമരം നടക്കുന്ന സന്ദർഭത്തിൽ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ഓഫീസിനടുത്തുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേയ്ക്ക് വിദ്യാർത്ഥികൾ മാർച്ച് നടത്തി. ആ മാർച്ച് എസ്. എഫ്. ഐ. യുടെ സ്റ്റേറ്റ് സെക്രട്ടറി സ്വരാജാണ് ഉദ്ഘാടനം ചെയ്തത്. മാർച്ച് നടക്കുന്ന സമയത്തും ഉദ്ഘാടനം നടക്കുന്ന സമയത്തും സാധാരണയിൽക്കവിഞ്ഞ പ്രശ്നമൊന്നുമുണ്ടായില്ല. പ്രസംഗത്തിനിടയിൽ എസ്. എഫ്. ഐ. യുടെ പ്രവർത്തകർ അടുത്ത കാലത്ത് സസ്പെന്റ് ചെയ്ത ഒരു സർക്കിൾ ഇൻസ്പെക്ടറെക്കുറിച്ച് പരാമർശിച്ചു. മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ഗവൺമെന്റിനും, പോലീസിനും എതിരെ മുദ്രാവാക്യം വിളിക്കുകയും പ്രസംഗിക്കുകയും ചെയ്തുവെന്നു പറഞ്ഞു. ഗവൺമെന്റിനെതിരെ പ്രസംഗിച്ചാൽ മർദ്ദനമാണോ സർ? സമാധാനപരമായി സമരം നടത്തിയ വിദ്യാർത്ഥികൾക്കു നേരെ പൊടുന്നനെ പോലീസ് ഭീകര മർദ്ദനം ആരംഭിക്കുകയാണ് ചെയ്തത്. സിറ്റി പോലീസ് കമ്മീഷണറാഫീസിന് മുൻപിൽ പിരിഞ്ഞുപോയ വിദ്യാർത്ഥികളെ വളഞ്ഞിട്ട് ഭീകരമായി മർദ്ദിച്ചു. പോലീസ് ഒരു കൂട്ടം വിദ്യാർത്ഥികളുടെ പിന്നാലെ പാഞ്ഞു. വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. കിരിക്കാട്ടെ മർദ്ദനത്തിന്റെ ചിത്രങ്ങളിൽ പോലീസ് വേട്ടപ്പട്ടികളെപ്പോലെ വിദ്യാർത്ഥികൾക്കുനേരെ പായുന്ന ചിത്രം നമ്മൾ ടി. വി. യിൽ കണ്ടതാണ്. എസ്. എഫ്. ഐ. സ്റ്റേറ്റ് കമ്മിറ്റി മെമ്പർ ലാർകിഷോർ, ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ ഉസ്മാൻകോയ, എസ്. കെ. സജീഷ്, ഗുരുവായൂരപ്പൻ കോളേജ് വിദ്യാർത്ഥി രാകേഷ് എന്നിവരെ കോഴിക്കോട് ബീച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. എസ്. എഫ്. ഐ. യുടെ സ്റ്റേറ്റ് സെക്രട്ടറി സ്വരാജിനെ പോലീസ് വളഞ്ഞിട്ട് കയ്യേറ്റം ചെയ്തു. ഇതിനുശേഷം ഈ സമരത്തിൽപങ്കെടുക്കാൻ വന്ന കൊയിലാണ്ടി എസ്. എൻ. ഡി. പി. കോളേജിലെ 11 വിദ്യാർത്ഥികളെ പോലീസ് വളഞ്ഞിട്ടു പിടിച്ചു. പിന്നീട് അവരെ കസബ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. അതൊരു ഒറ്റപ്പെട്ട സ്ഥലമാണ്. മാലൂർക്കുന്ന് എ. ആർ. ക്യാമ്പിൽ നിന്ന് പ്രത്യേകമായി നിർത്തിയിട്ടുള്ള യൂത്ത് കോൺഗ്രസ്സ് അനുഭാവികളായിട്ടുള്ള കെ. എ. പി.ക്കാരെ വെച്ചുകൊണ്ട് മൂന്ന് പെൺകുട്ടികൾ ഉൾപ്പെടെ 11 വിദ്യാർത്ഥികളെ ലോക്കപ്പിൽവെച്ച് മർദ്ദിച്ചു.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയെന്താണ് പോലീസ് കാണിക്കുന്നത്? എന്റെ കയ്യിൽ ഉള്ളത് മാധ്യമം പത്രമാണ്. .....(ബഹളം).....ഇതിൽ പാക്കിസ്ഥാൻ ബോഡറിലെ സൈന്യം നിൽക്കുന്ന പോലെയല്ലേ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് നേരെ അക്രമിക്കാൻ നിൽക്കുന്നത്. കണ്ണീർവാതകം പ്രയോഗിച്ചു എന്ന് മന്ത്രി പറഞ്ഞില്ലേ? സമാധാനപരമായി സമരം ചെയ്യുന്ന വിദ്യാർത്ഥികൾക്കുനേരെ കണ്ണീർ വാതകം പ്രയോഗിക്കുകയാണ്. ഇന്ന് കേരളത്തിലെ 55 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾ കോളേജുകളും, സ്കൂളുകളും, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളെല്ലാം സ്തംഭിപ്പിച്ചുകൊണ്ട് പഠിപ്പ് മുടക്കുകയാണ്. ശത്രുസൈന്യത്തെ നേരിടുന്നപോലെയാണോ പോലീസുകാർ വിദ്യാർത്ഥികളെ നേരിടേണ്ടത്? ഇവിടെ വിദ്യാഭ്യാസ മേഖലയിലെ അഴിമതിക്കെതിരായി സമരം ചെയ്താൽ അടിച്ചമർത്തുന്ന സമീപനമാണോ വേണ്ടത്? ഇവിടെയിരിക്കുന്ന മന്ത്രിമാരിൽ കുറേപേർ വിദ്യാർത്ഥി പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിൽ വന്നവരല്ലേ? സമാധാനപരമായി സമരം ചെയ്താൽ മർദ്ദനം അഴിച്ചുവിടുകയാണോ? കുട്ടികളെ ലോക്കപ്പിൽ പീഡിപ്പിച്ച നടപടി ശരിയാണോ? അതുകൊണ്ട് ഈ മർദ്ദനത്തിന് നേതൃത്വം കൊടുത്ത പോലീസ് ഓഫീസർക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് ഇപ്പോൾ സന്നദ്ധമാകണം. കാരണം അവിടെ ഇപ്പോൾ ഭീകരാവസ്ഥയാണ്. പോലീസ് കുട്ടികളെ വീടുകളിൽപോയി തിരയുകയാണ്. അവർക്ക് കോളേജിലേക്ക് പോകാൻ കഴിയുന്നില്ല. ഇതിനകം അഞ്ച് കേസ്സുകൾ എടുത്തു എന്നാണ് അറിയാൻ കഴിയുന്നത്. എസ്. എഫ്. ഐ. യുടെ ഓഫീസ് റെയ്ഡ് ചെയ്യുമെന്ന് പോലീസ് ഭീഷണിപ്പെടുത്തുകയാണ്. അതുപോലെ പോലീസ് ഭീകരതയ്ക്കും അഴിമതിക്കും എതിരെയും ന്യായമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്കു വേണ്ടിയും സമരം ചെയ്താൽ അവർക്കുനേരെ ഗ്രനേഡ് പ്രയോഗിക്കുക, കണ്ണീർവാതകം പ്രയോഗിക്കുക മർദ്ദിച്ചൊതുക്കുക എന്നുള്ള ഈ ഗവൺമെന്റിന്റെ നിലപാട് അവസാനിപ്പിക്കണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് സത്വരനടപടികൾ നിർത്തിവെച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> സർ, രാഷ്ട്രീയമോ മറ്റ് കാരണങ്ങൾ കൊണ്ടോ പറയുന്നതല്ല. അവിടെ ഇന്നലെ ശ്രീ. മത്തായി ചാക്കോ പറയുന്ന രീതിയിലുള്ള സംഭവമല്ല നടന്നത്. അക്രമാസക്തരായ വിദ്യാർത്ഥികളെ സാധാരണ നമ്മൾ ടി.വി.യിൽ കാണുന്നതല്ലേ. വിദ്യാർത്ഥികൾ പോലീസ് സ്റ്റേഷനിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിക്കുക തുടങ്ങി എന്തെല്ലാം അക്രമങ്ങളാണ് കാണിക്കുന്നതെന്ന് നമ്മൾ കാണുന്നതല്ല. അങ്ങനെ ചെയ്താൽ പോലീസിനു വിട്ടുകൊടുക്കാൻ സാധിക്കുമോ? പോലീസിന് അവരെ ചെറുത്തല്ലേ പറ്റൂ. സമാധാനപരമായി പോലീസ് അവരെ ചെറുത്തുവെന്നല്ലാതെ എനിക്കു കിട്ടിയ റിപ്പോർട്ടനുസരിച്ച് ആർക്കും ഒരുമുറിവുപോലും ഉണ്ടായിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ആരെയും ഒരു ആശുപത്രിയിലും ഇന്ന് കാലത്തുവരെ അഡ്മിറ്റ് ചെയ്തിട്ടില്ല. നേരെമറിച്ച് കല്ലേറുകൊണ്ട് പോലീസുകാരെയാണ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ടുള്ളത്. കല്ലേറുകൊണ്ട് കുത്തിക്കെട്ടുള്ള പോലീസുകാരുമുണ്ട്. ഇതെല്ലാം ചെയ്തിട്ടും അറസ്റ്റ് ചെയ്തുകൊണ്ടുപോയ 11 പേരെയും പോലീസ് പണിപ്പുച്ചമടക്കി ജാമ്യത്തിൽവിട്ടു പിടിച്ചുകൊണ്ടുപോയ ഒരു ജീപ്പും വിട്ടയച്ചു. വൈകുന്നേരംതന്നെ എങ്ങനെ പോലീസുകാർ അത് ചെയ്തുവെന്ന് എനിക്കറിയില്ല. എത്ര മാന്യമായിട്ടാണ് പോലീസുകാർ അവരോട് പെരുമാറിയത്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം മാധ്യമപത്രം പൊക്കിപ്പിടിച്ച് എന്തൊക്കെയോ പറഞ്ഞു. എന്റെ കയ്യിലും മാധ്യമം ഉണ്ട്. അത് ഞാൻ വായിക്കാം. 'അര മണിക്കൂറിലധികം സിറ്റി പോലീസ് കമ്മീഷണർ ഓഫീസ് പരിസരത്ത് സംഘർഷാവസ്ഥ നിലനിന്നു. കമ്മീഷണറാഫീസിൽ കയ്യേറിഞ്ഞ വിദ്യാർത്ഥികളെ തുരത്താൻ പോലീസ് ലാത്തി വീശി. പോലീസ് നടപടിക്കിടെ റോഡിൽ വീണ എസ്. എഫ്. ഐ. ജില്ലാ സെക്രട്ടറിക്കു പരിക്കേറ്റു. ഏതാനും വിദ്യാർത്ഥികൾക്ക് ലാത്തിയടി കൊണ്ടു. പോലീസ് പരമാവധി സംയമനം പാലിച്ചതിനാൽ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവായി'. ഇതാണ് നിങ്ങൾ പൊക്കിപ്പിടിച്ച 'മാധ്യമം' എഴുതിയിരിക്കുന്നത്. എങ്ങനെ എസ്. എഫ്. ഐ. സെക്രട്ടറിക്ക് പരിക്കേറ്റുവെന്ന് അവർ എഴുതിയിട്ടുണ്ട്. മാധ്യമം ദിവസേന എന്താണ് എഴുതുന്നതെന്ന് അറിയില്ലേ? ..... പരമാവധി പോലീസ് സംയമനം ..... (ബഹളം).....'മാധ്യമം' പോലും പോലീസ് പരമാവധി സംയമനം പാലിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവുമുണ്ടായിട്ടില്ല. ഇവിടെ സമാധാനപരമായ അന്തരീക്ഷമാണുള്ളത്, വേറെ ഒരു കാര്യവുമില്ല എന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

IV ശ്രദ്ധക്ഷണിക്കൽ

(1) കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ കുടുശ്ശികയടക്കം വിതരണം ചെയ്യുന്നതിനും നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഏകദേശം 21 ലക്ഷത്തിലധികം വരുന്ന കേരളത്തിലെ കർഷകത്തൊഴിലാളികളുടെ പ്രയാസം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിൽ ഏകദേശം 21 ലക്ഷത്തിലധികം കർഷകത്തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആ കർഷകത്തൊഴിലാളികൾ ഇന്ന് വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒട്ടേറെനിയമനിർമ്മാണങ്ങൾ നടപ്പിലാക്കിയ സംസ്ഥാനമാണ് നമ്മുടേത്. കർഷക തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താൻവേണ്ടി അവർക്ക് കർഷകത്തൊഴിലാളി പെൻഷൻ, ക്ഷേമനിധി അതുപോലുള്ള ആനുകൂല്യങ്ങളെല്ലാം കൊടുത്ത സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ ഇന്ന് ഈ ആനുകൂല്യങ്ങളൊന്നുംതന്നെ ലഭിക്കാതെ കർഷകത്തൊഴിലാളികൾ വലിയ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏകദേശം 27 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ ഇപ്പോൾ കുടുശ്ശികയാണ്. കർഷകത്തൊഴിലാളി പെൻഷൻ കുടുശ്ശിക തീർത്തുകൊടുക്കാമെന്ന് കഴിഞ്ഞ മേയ് മാസത്തിൽ കർഷകത്തൊഴിലാളി സമരത്തിന്റെ ഭാഗമായി നടന്ന

LIBRARY ARCHIVES Kerala Legislative Assembly